# മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി


## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## തിരുവനന്തപുരം ജില്ല

## ചിറയിൻകീഴ് ബ്ലോക്ക്

### ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **6** ചിറയിൻകീഴ്




**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 13/10/2019**

പഞ്ചായത്ത് കോൺഫറൻസ് ഹാൾ

---

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം**

**സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03**

**ഫോണ് നമ്പര്** 0471-2724696.Email.keralasocialaudit@gmail.com

---

# ചിറയിൻകീഴ് ബ്ലോക്ക്

# ചിറയിൻകീഴ്  ഗ്രാമപഞ്ചായത്ത്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

# വാർഡ് നമ്പർ 6 ചിറയിൻകീഴ്

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

**10** അവകാശങ്ങൾ

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

# ഫയൽ പരിശോധന

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്കിൽ ചിറയിൻകീഴ് പഞ്ചായത്തിൽ ആറാം വാർഡിൽ 2018-19 സാമ്പത്തികവർഷം ഒക്ടോബർ ഒന്നു മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

ചിറയിൻകീഴ് പഞ്ചായത്തിൽ 4492 രജിസ്ട്രേഡ് വർക്കേഴ്സിൽ നിന്നും 3785 തൊഴിൽകാർഡ് അനുവദിക്കുകയും അതിൽ ആക്ടീവ തൊഴിൽകാർഡ് കുടുംബങ്ങൾ 2366 ആണ് ഉള്ളത്. ആറാം വാർഡിൽ 95 തൊഴിൽ കാർഡ് ഉടമകൾ ഉണ്ടെങ്കിലും ആക്റ്റീവ് വർക്കേഴ്സ് 15 പേരാണ് ഉള്ളത്,. 353 പേജുകളുള്ള വർക്ക് കോഡ് I/B-795 2018- 19 എന്ന ഫയൽ പരിശോധിച്ചതിൽ നിന്നും AMC പ്രകാരം ഉള്ള എല്ലാ രേഖകളും ഉണ്ടായിരുന്നില്ല,. പ്രധാനമായും ഇല്ലാത്തത് ഡ്രോയിംഗ് ആൻഡ് ഡിസൈനിങ്, ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി എന്നിവയായിരുന്നു. ഡിമാൻഡ് ഫോം ഉണ്ടായിരുന്നുവെങ്കിലും ആപ്ലിക്കേഷൻ കോഡ് രേഖപ്പെടുത്തിയിരുന്നില്ല. കവർപേജ് ഉണ്ടായിരുന്നു. ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നുവെങ്കിലും ഹെഡിങ് ഇല്ലായിരുന്നു. ടെക്നിക്കൽ സാങ്ഷൻ, detailed എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

. ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നുവെങ്കിലും പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. മസ്റ്റർ റോൾ

പരിശോധനയിൽ വസന്ത, ഉഷ, സരോജം, വസന്തകുമാരിഅമ്മ, ഗിരിജ, ഗീതാകുമാരി, രമ്യ, ലീല, മായ സോമൻ, സിന്ധു, കുമാരി, ബിന്ദു, രാധാമണി, കുമാരി എന്നീ തൊഴിലാളികളാണ് പാട്ട കൃഷിയിൽ ഏർപ്പെട്ടത്. ഇതിൽ സുന്ദരൻ ആശാരിയുടെ തൊഴിൽ ബുക്കിൽ ജോലി ചെയ്ത് അദ്ദേഹത്തിന്റെ ഭാര്യ ശ്യാമള ആയിരുന്നു. 16 പേരുടെ കരപ്പ ചീട്ട് ഉണ്ടായിരുന്നതിൽ 275 സെന്റ് പുരയിടത്തിലാണ് പാട്ടകൃഷി ചെയ്തിരിക്കുന്നത്. ഈ സ്ഥലമുടമകൾ ഒന്നും തന്നെ പാട്ടകൃഷിയിൽ ഉൾപ്പെട്ടിട്ടില്ല. ആകെ 46 മസ്റ്റർ റോളുകൾ പരിശോധിച്ചതിൽ നിന്നും തൊഴിലാളികളുടെ വേതനം തൊഴിൽദിനങ്ങൾ അധികാരികളുടെ ഒപ്പ് തുടങ്ങി ആവശ്യമായ രേഖകൾ എല്ലാം ഉണ്ടായിരുന്നു. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു. Wagelist FTO എന്നിവ ഉണ്ടായിരുന്നു. എം ബുക്ക് നമ്പർ 192 കംപ്ലീറ്റ് ആയിരുന്നില്ല. നെയിം ഓഫ് വർക്ക്, നെയിം ഓഫ് കോൺട്രാക്ടർ ഇല്ലായിരുന്നു. സി ഐ ബി ഇല്ലായിരുന്നു. എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷത്തിൽ ആകെ 450432തുക ചിലവായതായി എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ട്. സൈഡ് ഡയറിയിൽ മാറ്റിന്റെ പേര് വിലാസം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട്

ചിറയിൻകീഴ് പഞ്ചായത്തിലെ ആറാം വാർഡിൽ പാട്ട കൃഷിയുടെ(ഘട്ടം 1) ഫീൽഡ് സ്റ്റഡിയിൽ രണ്ടേക്കർ 75 സെന്റ് വസ്തു 16 ഗുണഭോക്താക്കളുടെ കരപ്പച്ചീട്ടിലാണ് ചെയ്തത്. ഫീൽഡ് വെരിഫിക്കേഷനിൽ നിന്നും പാട്ടകൃഷിയിൽ ഉണ്ടായിരുന്നതിൽ സരോജം ഗീതാകുമാരി സോമൻ എന്നിവർ ഒഴികെ ബാക്കി അംഗങ്ങൾ എല്ലാവരും ഫീൽഡിൽ ഉണ്ടായിരുന്നു. സൈറ്റ് കാണിച്ചുതന്നത് മാറ്റ് രമ്യ ആയിരുന്നു.ഫയലിൽ പറഞ്ഞിട്ടുള്ളതുപോലെ വ്യക്തമായ വിവരങ്ങൾ ഫീൽഡിൽ കാണാൻ സാധിച്ചില്ല. വാഴ മരച്ചീനി ചേന ചേമ്പ് മഞ്ഞൾ ഇഞ്ചി എന്നിവ പാട്ടകൃഷി യായി ചെയ്യുകയും അതോടൊപ്പം പുരയിടത്തിൽ താര നിർമ്മിക്കുകയും ചെയ്തിരുന്നു എന്നാൽ ഫീൽഡ് വിസിറ്റ് ചെയ്തപ്പോൾ വാഴകൾ നശിച്ചുപോവുകയും ചില പ്രദേശങ്ങളിൽ മാത്രം നിലനിൽക്കുകയും ആയിരുന്നു. താരകൾ പലതും ഇടിഞ്ഞു പോവുകയും മഴയത്ത് നശിക്കുകയും ചെയ്തിരുന്നു. പല പുരയിടങ്ങളും കാട് കേറിയ നിലയിലും ചിലത് തരിശുഭൂമി യായി കിടക്കുകയും ചെയ്തിരുന്നു. ഇതിനുള്ള കാരണം ചില അടിയന്തരഘട്ടങ്ങളിൽ(വിവാഹം, മരണം ) കൃഷിയിടങ്ങൾ വെട്ടിത്തെളിച്ച് ആയിരുന്നു എന്നതാണ് മാറ്റിൽ നിന്ന് അറിയാൻ

സാധിച്ചത്. പാട്ട കൃഷി ചെയ്തിരുന്നവ എല്ലാം തന്നെ 16 ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ ആണ്. കൃഷി ചെയ്ത ശേഷം അതിന്റെ പരിപാലനവും വിളവെടുക്കുന്നത് ഗുണഭോക്താക്കൾ തൊഴിലാളികളുടെ താല്പര്യത്തോടെ ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ തൊഴിലാളികൾക്കും ഇതിന്റെ പങ്കുലഭിച്ചിരുന്നു. പാട്ട കൃഷിയുമായി ബന്ധപ്പെട്ട സിഐ ബി ഒരു പുരയിടത്തിലും കാണാൻ സാധിച്ചില്ല. തൊഴിലാളികളിൽ നിന്ന് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ ലഭ്യമായിരുന്നു. എന്നാൽ തൊഴിലിടത്ത് തൊഴിലാളികൾക്ക് ആവശ്യമായിട്ടുള്ള ടാർപോളിൻ കൈയ്യുറ കാലുറ എന്നിവ ലഭ്യമായിരുന്നില്ല.

**തൊഴിൽ ബുക്ക് പരിശോധിച്ചതിൽ നിന്നും** അവ പലതും അപൂർവങ്ങളായിരുന്നു. തൊഴിലാളികൾക്ക് അവരുടെ പത്ത് അവകാശങ്ങൾ വ്യക്തമായി മനസ്സിലാക്കി കൊടുത്തു. തുടർന്ന് അവരുമായുള്ള ചർച്ചയിൽ നിന്നും ചില കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. അതിൽ പ്രധാനമായുള്ളത് വസന്ത (കെ എൽ- 14- 0 0 2= 0 0 2- 0 0 3 /3 )തൊഴിൽ ചെയ്യുന്നത് താമസിക്കുന്ന സ്ഥലത്ത് നിന്ന് 5 കിലോമീറ്റർ പരിധിക്ക് പുറത്താണെന്ന് ദിവസവും 16 രൂപ ചെലവാക്കി ആണ് തൊഴിലെടുത്ത് എത്തിച്ചേരുന്നത് എന്നും മനസ്സിലാക്കാൻ കഴിഞ്ഞു. പ്രധാനമായും തൊഴിലാളികൾ ഉന്നയിച്ച പരാതി സമയക്രമം മാറ്റുക വേതനം വർദ്ധിപ്പിക്കുക അതോടൊപ്പം കാടു കയറിയ പ്രദേശങ്ങൾ വെട്ടി തെളിയിക്കാനുള്ള വെട്ടുകത്തിയ്ക്ക് ആവശ്യമായ ഫണ്ട് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക എന്നിവയായിരുന്നു.

# <u>ഗ്രാമസഭ റിപ്പോർട്ട്</u>

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

## വാർഡ് നമ്പർ 6 ചിറയിൻകീഴ്

## ചിറയിൻകീഴ് ബ്ലോക്ക്

## ചിറയിൻകീഴ് പഞ്ചായത്ത്

**അജണ്ട**

**1.ഈശ്വരപ്രാർത്ഥന**

**2.അധ്യക്ഷയെ തിരഞ്ഞെടുപ്പ്**

**3.സ്വാഗതം**

**4.റിപ്പോർട്ട് അവതരണം**

**5.ചർച്ച**

**6.തീരുമാനം**

**7.കൃതജ്ഞത**

- **തീയതി :13/10/2019**

- **സമയം :10:30am**

13 /10 /2019 തീയതിയിൽ ചിറയിൻകീഴ് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് നടന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ 2018 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് അവലോകനയോഗം പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്. തൊഴിലുറപ്പ് തൊഴിലാളി ശ്രീമതി രാധാമണിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ശ്രീമതി രാധാമണി വാർഡ് മെമ്പർ സ്വാഗതമാശംസിച്ചു. ബി ആർ പി  ശ്രീമതി ശ്രീജ അവർകൾ 2018 -19സാമ്പത്തിക വർഷത്തിലെ റിപ്പോർട്ട് അവതരണം നടത്തി. ആറാം വാർഡിൽ ആകെ 15 ആക്ടീവ്

വർക്കേഴ്സ് ആണ് ഉള്ളത്. 13 തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു. തൊഴിലാളികളുടെ അവകാശങ്ങൾ ബിആർപി ശ്രീജ വിശദമാക്കി പറഞ്ഞുകൊടുത്തു. പരിശോധന റിപ്പോർട്ട് അവതരണം.

ഫയൽ പരിശോധനാ റിപ്പോർട്ട് ശ്രീമതി ശ്രീജ അവർകൾ അവതരിപ്പിച്ചു. ആറാം വാർഡിലെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും തൊഴിലാളികളുടെ എണ്ണം കുറയാനുള്ള കാരണം എന്താണെന്നുള്ളത് തൊഴിലാളികളോട് അന്വേഷിച്ചു. 95 തൊഴിൽ ബുക്കുകൾ ഉണ്ടെങ്കിലും തൊഴിലാളികൾ 15 പേരാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.AMC പ്രകാരമുള്ള എല്ലാ രേഖകളും ഉണ്ടായിരുന്നു. സിഐബി ഇല്ലാത്തതിനെ പറ്റി ബി ആർ പി തൊഴിലാളികളോട് പറയുകയും സൈറ്റ് ഡയറിയിൽ മാറ്റിന്റെ പേരും അഡ്രസ്സും ഇല്ലായിരുന്നു എന്നും പതിനാറ് ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ആരും തന്നെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. തൊഴിലാളികൾക്ക് ആദായം വലിയതോതിൽ ലഭിക്കുന്നില്ല എന്ന് കണ്ടെത്തി.

**ചർച്ച**

റിപ്പോർട്ട് അവതരിപ്പിച്ചതിൽ ചില പ്രദേശങ്ങൾ തരിശായി കിടക്കുന്നതിന്റെ കാരണം ചില വസ്തുഉടമകൾ അവരുടെ സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ കൃഷി വെട്ടി മാറ്റുന്നതാണ് എന്നും അതിൽ തൊഴിലാളികൾ വളരെ നന്നായി തൊഴിൽ ചെയ്തെന്നും മാറ്റ് രമ്യ അവകാശപ്പെട്ടു,. തൊഴിലാളികൾ തന്നെ പുരയിടത്തിലെ ആദായം എടുക്കണം എന്നും അതിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് വരും പദ്ധതികളിലും കൃഷി ചെയ്യാൻ സാധിക്കും എന്നും ബിആർപി പറഞ്ഞു. പല പുരയിട ക്കാരും സിഐ ബി വെച്ചാൽ പഞ്ചായത്തിന്റേതായി പുരയിടം മാറും എന്ന ധാരണ വഴിയാണ് തൊഴിലിടങ്ങളിൽ സിഐബി വയ്ക്കാത്ത അതിനുള്ള കാരണമെന്ന് രേഷ്മ പറഞ്ഞു. വസന്തകുമാരി എന്ന തൊഴിലാളി സമയക്രമം മാറ്റണം എന്ന് അഭിപ്രായപ്പെട്ടു ഇതിനുള്ള വിശദീകരണം ബിആർ പി നൽകി സമയക്രമീകരണം ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണെന്നും വ്യക്തമാക്കി. ബിന്ദു എന്ന തൊഴിലാളി കാടുവെട്ടി തെളിയിക്കുന്നതിനായി വെട്ടുകത്തി ഉപകരണത്തിനുള്ള ഫണ്ട് ആവശ്യപ്പെട്ടു. എം ഐ എസിനകത്ത് ഇതിനായുള്ള ഓപ്ഷൻ ഇല്ല എന്നും അതിനാലാണ് പഞ്ചായത്ത് ഇതിനുള്ള ഫണ്ട് അനുവദിക്കാത്തത് രേഷ്മ അഭിപ്രായപ്പെട്ടു. എന്നാൽ ഇപ്പോഴുള്ള എം ഐ എസിൽ ഇതിനായുള്ള ഓപ്ഷൻ ഉണ്ടെന്ന് പ്രാബല്യത്തിൽ വരുമെന്ന് പറഞ്ഞു. തൊഴിലാളികൾ ഇത്തരം ഉപകരണങ്ങൾ കൊണ്ടുവന്നാൽ ഇതിനുള്ള

വാടക നൽകുമെന്നും അഭിപ്രായപ്പെട്ടു.മിക്ക തൊഴിലാളികളുടെയും പ്രധാന ആവശ്യം കൂലി ലഭിക്കുകയായിരുന്നു. തൊഴിലിന് അനുസരിച്ചുള്ള വേതനം ലഭ്യമാകുന്നില്ല എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു കഴിഞ്ഞ വർഷം 150 തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ അതിന്റെ അംഗീകാരം പഞ്ചായത്ത് ലഭിച്ചത് 40 ദിവസം മാത്രമുള്ളപ്പോൾ ആണെന്നു എ ഇ അഭിപ്രായപ്പെട്ടു 100 ദിവസം ജോലി ചെയ്തവർക്കുള്ള 1000 രൂപ ബോണസ് എല്ലാവർക്കും ലഭ്യമായിട്ടില്ല എന്നും അതിനുള്ള കാരണം ബാങ്കിൽ ഫണ്ട് ട്രാൻസ്ഫർ ആവാത്തത് ആണെന്നും ഉടനെ ലഭ്യമാക്കുമെന്നും അറിയിച്ചു. കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി ഈ വർഷം തൊഴിലാളികൾ തന്നെ രണ്ട് രൂപ നിരക്കിൽ നല്ലയിനം തൈകൾ വാങ്ങി കൃഷി ചെയ്യാനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നു എന്നും പറഞ്ഞു. തുടർന്ന് അംഗങ്ങൾ എല്ലാവരും റിപ്പോർട്ട് കൈയ്യടിച്ച് പാസാക്കുകയും ചെയ്തു AE രേഷ്മ ആശംസ അറിയിച്ചു. 15 ദിവസത്തിനകം തൊഴിൽ ചെയ്തു വേതനം delay ഇല്ലാതെ എത്തിക്കുന്ന ഏക പഞ്ചായത്ത് ചിറയിൻകീഴ് ആണെന്നും അറിയിച്ചു. കൃതജ്ഞത രേഖപ്പെടുത്തിയത് ഓവർസിയർ അജിത്ത് ആയിരുന്നു.

തയ്യാറാക്കിയത്

ശ്രീനന്ദന

സുവർണ

സജിഹ

അശ്വതി

ദിവ്യ

ധന്യ

അഞ്ജിത

രേഷ്മ